**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3566** **14/03/2017 ൽ മറുപടിയ്ക്ക്**

**പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പരാതികൾ പരിഹരിക്കുന്നതിന് സംവിധാനം**

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**
**,, വി.പി.സജീന്ദ്രൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, എൽദോസ് കുന്നപ്പിള്ളി**

**മറുപടി**

**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പരാതികൾ പരിഹരിക്കുന്നതിന് പുതിയതായി നടപ്പിലാക്കിയ സംവിധാനം എന്താണ്; വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കാനും വേഗത്തിൽ പരിഹാരം കണ്ടെത്താനുമായി ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ ഓൺലൈനിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ച് കൊടുത്ത് തുടർനടപടി സ്വീകരിക്കാനാണ് ഈ സംവിധാനം കൊണ്ടുദ്ദേശിക്കുന്നത്.<br>വിവിധ കാരണങ്ങളാൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തു-ന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും ക്ഷേമവും ഏകോപിപ്പിച്ചുകൊണ്ടു |

| | | |
|---|---|---|
| | | പോകുന്നതിനുമായി മുഖ്യമന്ത്രിയുടെ **ജനസാന്ത്വന ഫണ്ട്** എന്ന പേരിൽ ഒരു പൊതുജനക്ഷേമ ഫണ്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ/ പൊതുജനങ്ങൾ എന്നിവരിൽ നിന്ന് ഉദാരമായി സംഭാവനകൾ/സ്പോൺസർ ഷിപ്പ് എന്നിവയിലൂടെ ഫണ്ട് സമാഹരണം ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപവൽക്കരിച്ചിട്ടുള്ളത്. സമൂഹത്തിന്റെ ഉന്നമനത്തിനായി എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് . |
| (ബി) | ജില്ലാ തലത്തിലും ഉപജില്ലാ തലത്തിലും ജനങ്ങളുടെ പരാതി പരിഹാരത്തിനായി ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര പരിപാടികളാണ് കഴിഞ്ഞ ഒമ്പത് മാസത്തിനകം സംഘടിപ്പിച്ചതെന്നും അതിലൂടെ എത്ര പരാതികൾക്ക് പരിഹാരം കണ്ടെത്താനായി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ? | (ബി) ഉണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 15 പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിലൂടെ 10279 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. |

Kmlale

സെക്ഷൻ ഓഫീസർ.